# കില

വാർത്താപത്രിക

VOLUME-9
ISSUE-6
JUNE 2016

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org




**പുതിയ സാരഥി :** സംസ്ഥാന മുഖ്യമന്ത്രിയായി പിണറായി വിജയൻ സത്യപ്രതിജ്ഞ ചെയ്യുന്നു

## അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താൻ
## കിലയിൽ ദ്വിദിന ദേശീയ സെമിനാർ

**ഇ**തരസംസ്ഥാനങ്ങളിലെ അധികാരവികേന്ദ്രീകരണപ്രവർത്തനങ്ങൾ മറ്റു സംസ്ഥാനങ്ങളിലേക്കു പകർത്താനും അതുവഴി അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താനും ലക്ഷ്യമിട്ടുകൊണ്ടുള്ള ദ്വിദിന ദേശീയ സെമിനാർ കിലയിൽ സംഘടിപ്പിച്ചു.അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് ഏഷ്യയിൽ പ്രവർത്തിക്കുന്ന വിദഗ്ദ്ധരുടേയും സന്നദ്ധസംഘടനകളുടേയും കൂട്ടായ്മയായ ലോഗിന്റെ (ലോക്കൽ ഗവർമ്മെന്റ് ഇനിഷേറ്റീവ്) ഇന്ത്യൻ ചാപ്റ്ററായ ലോഗിൻ ഇന്ത്യ കൺട്രി പ്ലാറ്റ്ഫോമിന്റെ നേതൃത്വത്തിലാണ് സെമിനാർ നടന്നത്. കില ഡയറക്ടർ ഡോ. പി.പി.ബാലൻ ഉദ്ഘാടനം ചെയ്തു. കില പ്രൊഫ.ഡോ. സണ്ണി ജോർജ് സ്വാഗതമാശംസിച്ചു. ഗുജറാത്ത്, സിക്കിം, ബീഹാർ, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുള്ള വിദഗ്ദ്ധരും സന്നദ്ധസംഘടനാപ്രതിനിധികളുമാണ് സെമിനാറിൽ പങ്കെടുത്തത്.

ദെൽഹി ആസ്ഥാനമായി പ്രവർത്തിന്ന സന്നദ്ധസംഘടനയെ പ്രതിനിധീകരിച്ച് ചലച്ചിത്രതാരം പത്മപ്രിയ ജാനകിരാമൻ,വീണമഹോർ,നിതിൻ പരൻജാപെ, ഭീം റാസ്കർ, വേദ ഭരദ്വാജ്, ടി.ആർ.രഘുനന്ദൻ,രൺജീത്ത് നിർഗുണി, ജോയ് ഇളമൺ, കില അസി.പ്രൊഫ.ഡോ.ജെ.ബി.രാജൻ എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പ്രതിനിധകൾ പഴയന്നൂർ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ സന്ദർശിച്ച് അവിടത്തെ വികേന്ദ്രീകരണപ്രവർത്തനങ്ങൾ വിലയിരുത്തി.



അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുകൊണ്ടു ലോഗിൻ നെററ്
കിലയിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാറിൽ പങ്കെടുത്തവർ



പരിവാർ ഭാരവാഹികൾക്കു കിലയിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലന പരിപാടിയിൽ ഡോ.പീററർ എം.രാജ് സംസാരിക്കുന്നു

# പരിവാർ ഭാരവാഹികൾക്കു കിലയിൽ പരിശീലനം

പ്രാദേശികസർക്കാരുകളും ഭിന്നശേഷിയുള്ളവരുടെ വികസനവും സംബന്ധിച്ച് പരിവാർ ഭാരവാഹികൾക്കു കിലയിൽ രണ്ടുദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. ഭിന്നശേഷിയുള്ളവരിൽ ബുദ്ധിവൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾ രൂപീകരിച്ച സംഘടനയാണ് പരിവാർ. കില അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം.രാജ് ഉദ്ഘാടനം ചെയ്തു. പരിവാർ ദേശീയ സെക്രട്ടറി ഫിലിപ്പ് സൈമൺ, സംസ്ഥാന സെക്രട്ടറി എം.സുകുമാരൻ, പരിശീലനപരിപാടിയുടെ കോർഡിനേറ്റർ പി.വി.രാമകൃഷ്ണൻ എന്നിവർ സംസാരിച്ചു. രക്ഷിതാക്കൾക്കു മാത്രമുള്ള പ്രത്യേക ഗ്രാമസഭ സംഘടിപ്പിക്കുന്നതിനു കിലയക്കു പരിപാടിയുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി 50 പേർ പരിശീലനത്തിൽ പങ്കെടുത്തു.

തദ്ദേശഭരണസ്ഥാപനങ്ങളിൽനിന്നു ഭിന്നശേഷിയുള്ളവർക്കു ലഭിക്കുന്ന വിവിധ സേവനങ്ങളെക്കുറിച്ച് പി.കെ. ജയദേവനും കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ, ക്ഷേമപെൻഷനുകൾ എന്നിവയെപറ്റി എം.കെ.രവീന്ദ്രനാഥും സംസാരിച്ചു. പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് പി.വി.രാമകൃഷ്ണനും അയൽസഭ-വാർഡ് വികസനസമിതിയെസംബന്ധിച്ച് കെ.ഗോപാലകൃഷ്ണനും പങ്കാളിത്ത ആസൂത്രണത്തെപറ്റി എം.രേണുകുമാറും ക്ലാസ്സെടുത്തു.






സംസ്ഥാന തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിയായി ഡോ.കെ.ടി.ജലീൽ സത്യപ്രതിജ്ഞ ചെയ്യുന്നു

## പ്രാദേശികഭരണം പഠിക്കാൻ രാജസ്ഥാനിലെ ബി.ഡി.ഒ മാർ കിലയിൽ

**കേ**രളത്തിലെ പ്രാദേശികഭരണസംവിധാനത്തെക്കുറിച്ച് പഠിക്കാൻ രാജസ്ഥാനിൽനിന്നുള്ള അമ്പതംഗ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർ (ബി.ഡി.ഒ) കിലയിലെത്തി.കിലയിൽ ഒരാഴ്ചക്കാലം ഇവർക്കു വിവിധ വിഷയങ്ങളിൽ പരിശീലനം നൽകി.

കില ഡയറക്ടർ ഡോ.പി.പി.ബാലനാണ് പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തത്. രാജസ്ഥാനിലെ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ട് ജോ.ഡയറക്ടർ ഡോ.രാജീവ് അഗർവാൾ, അസോസിയേറ്റ് പ്രൊഫ. പ്രവീൺസിംഗ് എന്നിവർ സംസാരിച്ചു. കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനം, തദ്ദേശസ്ഥാപനങ്ങളിലെ വിഭവസമാഹരണം, കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ, വനിതാ-ശിശുവികസനം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചായിരുന്നു ക്ലാസ്സ്. പ്രൊഫ.ടി.രാഘവൻ, എം.കെ.രവീന്ദ്രനാഥ്, ടാനി തോമസ്, ഡോ.പീറ്റർ എം.രാജ്, ഡോ.ജെ.ബി.രാജൻ തുടങ്ങിയവർ പരിശീലനത്തിനു നേതൃത്വം നൽകി.

സംഘാംഗങ്ങൾ ഗ്രൂപ്പുതിരിഞ്ഞ് വിവിധ ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ സന്ദർശിച്ച് അവിടത്തെ ഭരണരീതികളും വികസനപ്രവർത്തനങ്ങളും നേരിൽ കണ്ട് വിലയിരുത്തി.



പ്രാദേശികഭരണത്തെക്കുറിച്ച് പഠിക്കാൻ കിലയിലെത്തിയ രാജസ്ഥാനിലെ ബി.ഡി.ഒമാർ

## കേരളത്തെക്കുറിച്ചു പറയുമ്പോൾ വാചാലനാകുന്ന രാജസ്ഥാൻ മന്ത്രി

**കേ**രളത്തെക്കുറിച്ചു പറയുമ്പോൾ രാജസ്ഥാനിലെ പഞ്ചായത്ത് രാജ് വകുപ്പുമന്ത്രി സുരേന്ദ്രകുമാർ ഗോയൽ വാചാലനാകും. ഏതു വിഷയത്തെക്കുറിച്ചു സംസാരിക്കുമ്പോഴും അദ്ദേഹം തുടങ്ങുന്നതു കേരളത്തിൽനിന്നായിരിക്കും. കേരളത്തിന്റെ വികസനമാതൃകകളും പ്രാദേശികഭരണസംവിധാനവും കണ്ടുപഠിക്കാൻ അദ്ദേഹം നിർദ്ദേശിക്കും.

രാജസ്ഥാനിലെ ബി.ഡി.ഒ മാരൊടൊപ്പം കിലയിലെത്തിയ രാജസ്ഥാനിലെ ഇന്ദിരാഗാന്ധി പഞ്ചായത്തീരാജ് ഇൻസ്റ്റിറ്റ്യൂട്ടിലെ ജോ.ഡയറക്ടർ ഡോ.രാജീവ് അഗർവാളാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. ഏതാനും മാസം മുമ്പ് മറ്റൊരു സംഘത്തോടൊപ്പം കേരളത്തിലെത്തിയ മന്ത്രി ഗോയൽ അന്നത്തെ വകുപ്പുമന്ത്രി മുനീർ, കില ഡയറക്ടർ ഡോ.ബാലൻ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവരുമായി സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ ചർച്ച നടത്തിയിരുന്നു. മന്ത്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരമാണ് ബി.ഡി.ഒ ട്രെയിനികളെ പരിശീലനത്തിനയച്ചത്.



സംസ്ഥാന മന്ത്രിസഭയിലെ അംഗങ്ങളായി സത്യപ്രതിജ്ഞ

# സാംഖ്യ സോഫ്റ്റ് വെയറിന്
## ജില്ലാ –സംസ്ഥാനതല സപ്പോർട്ടിംഗ് സെൽ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് സംവിധാനം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനു തയ്യാറാ ക്കിയ സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിച്ചുള്ള അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട് ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള ഒരു സഹായ സംവിധാനമായി സാംഖ്യ സോഫ്റ്റ് വെയർ സപ്പോർട്ട്സെൽ ജില്ലാതലത്തിൽ രൂപീകരിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഉദ്യോഗക്കയററം മൂലവും സ്ഥലമാറ്റം മൂലവും സെല്ലിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു സെല്ലിന്റെ ഘടന പുനർനിർണയിക്കേണ്ടത് ആവശ്യമായി വന്നതിനാൽ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സാംഖ്യ സപ്പോർട്ട് സെല്ലിന്റെ ഘടന പുനർനിർണയിച്ച് ഉത്തരവായിട്ടുണ്ട്.

### ജില്ലാതല സാംഖ്യ സപ്പോർട്ട് സെൽ

എല്ലാജില്ലകളിലും സാംഖ്യ ഉപയോഗിച്ചുള്ള അക്കൗണ്ടിംഗ് പ്രവർത്തനങ്ങളിൽ പ്രാവീണ്യം നേടിയിട്ടുള്ളവരും സ്വയം സന്നദ്ധരായിട്ടുള്ളവരുമായ അക്കൗണ്ടന്റ്മാർ മുകളിലോട്ടുള്ള പത്തു ഉദ്യോഗസ്ഥന്മാരെ ഉൾപ്പെടുത്തി സെൽ രൂപീകരിക്കണം. രണ്ട് അക്കൗണ്ടന്റ് കം ഐടി എക്സ്പർട്ടുമാരും ഇൻഫർമേഷൻ കേരള മിഷൻ ജില്ലാ കോർഡിനേറ്ററും ജല്ലാ ടെക്നിക്കൽ ഓഫീസറും അംഗങ്ങളായിരിക്കും.എല്ലാ മാസവും സെൽ കൂടേണ്ടതും വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.സെല്ലിന്റെ നേതൃത്വം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്കായിരിക്കും. എല്ലാ ജില്ലാകളിലും ഒരു കൺവീനറും ഒരു കോ-കൺവീനറുമുണ്ടായിരിക്കണം. പഞ്ചായത്തുകളിൽ പോയി പരിഹരിക്കേണ്ട പ്രശ്നങ്ങളുണ്ടെങ്കിൽ അതിനുള്ള സൗകര്യം അസി.ഡയറക്ടർ ചെയ്തുകൊടുക്കണം.

### സംസ്ഥാനതല സാംഖ്യ സപ്പോർട്ട് സെൽ

എല്ലാജില്ലകളിലുമുള്ള സാംഖ്യ സപ്പോർട്ട് സെല്ലിന്റെ കൺവീനർമാരേയും കോ.കൺവീനർമാരേയും ഉൾപ്പെടുത്തി സംസ്ഥാനതല സെൽ രൂപീകരിക്കണം. ജില്ലയിൽ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ സംസ്ഥാനതല സെല്ലിൽ അവതരിപ്പിക്കണം. സംസ്ഥാനതല സെൽ രണ്ടുമാസത്തിൽ ഒരിക്കൽ ചേരണം. സംസ്ഥാതല സെല്ലിന്റെ ഘടന താഴെ പറയും പ്രകാരമായിരിക്കും. കൺവീനർ: സംസ്ഥാന പെർഫോർമൻസ് ഓഡിററ് ഓഫീസർ. അംഗങ്ങൾ: പഞ്ചായത്ത് ഡയറക്ടർ, പ്രോജക്ട് മാനേജർ, ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർ, കില അസി.പ്രൊഫ.ഡോ.ജെ.ബി.രാജൻ, ഐ.കെ.എം ടീം ലീഡർ അബ്ദുൾ റഷീദ്, ജില്ലാതല സാഖ്യ സപ്പോർട്ട് സെൽ കൺവീനർമാർ, കോ.കൺവീനർമാർ.ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കു സ.ഉ.(സാ.ധാ)1646/2016 തസ്വഭവ.തീയതി.11.5.2016 കാണുക.



ചെയ്ത മന്ത്രിമാർ സംസ്ഥാന ഗവർണറോടൊപ്പം

## **പെസ**: കേരള പഞ്ചായത്ത് ആക്ട് ഭേദഗതി ചെയ്യണമെന്ന് ദേശീയസെമിനാർ



അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുകൊണ്ടു കിലയിൽ സംഘടിപ്പിച്ച ദ്വിദിന ദേശീയ സെമിനാറിൽ പങ്കെടുത്ത ചലച്ചിത്രതാരം **പത്മപ്രിയജാനകിരാമൻ**

**ആ**ദിവാസി ഊരുകൾക്കു സ്വയംഭരണാവകാശം നൽകുന്ന പെസ നിയമം സംസ്ഥാനത്തു നടപ്പാക്കുന്ന സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതികൾ ആവശ്യമാണെന്നു കിലയിൽ സമാപിച്ച ദ്വിദിന ദേശീയ സെമിനാർ അഭിപ്രായപ്പെട്ടു. പെസ മേഖലയിൽ ഗ്രാമസഭ പുനർനിർവചിക്കുകയും പുനർനിർണയിക്കുകയും വേണം.പെസ മേഖലയുടെ അതിർത്തി നിർണയവും വളരെ നിർണായകമാണ്. നിലവിലുള്ള ഊരുകളെ ഷെഡ്യൂൾഡ് ഏരിയായിൽ ഉൾക്കൊള്ളിക്കണമെന്നും സെമിനാർ നിർദ്ദേശിച്ചു.സമാപനച്ചടങ്ങിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. പെസ വിദഗ്ദ്ധൻ ഡോ.സി.ആർ.ബിജോയ്, ഡോ.എബി ജോർജ്, ഡോ.ജെ.ബി.രാജൻ എന്നിവർ സംസാരിച്ചു.

കേരളത്തിലെ ആദിവാസികളുടെ ചരിത്രം, സുസ്ഥിരവികസനത്തിനായുള്ള വിഭവസമാഹരണം,വിനിയോഗം, ചെറുകിട വനോൽപ്പന്നങ്ങളുടെ ഉടമസ്ഥാവകാശം, പട്ടികവർഗ്ഗ ഉപപദ്ധതി, ഗ്രാമസഭ, പെസനിയമത്തിലെ ഭേദഗതികൾ, സീറ്റ് സംവരണം തുടങ്ങിയ വിവിധ വിഷയങ്ങൾ സെമിനാർ ചർച്ചചെയ്തു. കേരളത്തിനു പുറമെ പെസ നടപ്പിലാക്കിയ ഒമ്പതു സംസ്ഥാനങ്ങളിൽനിന്നുള്ള പ്രതിനിധികളും സെമിനാറിൽ സംബന്ധിച്ചിരുന്നു.

# ചോദിക്കൂ പറയാം

? ഒരു മെമ്പർ ഭരണസമിതിയോഗത്തിൽ വരുന്നുണ്ട്. എന്നാൽ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ തുടർച്ചയായി ഹാജരാകുന്നില്ല. എന്തുചെയ്യണം?

● തുടർച്ചയായി മൂന്നു സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ പങ്കെടുത്തില്ലെങ്കിൽ അദ്ദേഹത്തെ അയോഗ്യനാക്കിക്കൊണ്ട് നോട്ടീസ് നൽകുക. അദ്ദേഹം ഭരണസമിതിയിൽ മാപ്പ് അപേക്ഷ നൽകിയാൽ ഭരണസമിതി പരിഗണിക്കുകയാണെങ്കിൽ അംഗമായി തുടരാം. അല്ലേങ്കിൽ തെരഞ്ഞെടുപ്പുകമ്മീഷനെ അറിയിച്ച് ആ വാർഡിൽ പുതിയ തെരഞ്ഞെടുപ്പുനടത്താൻ നടപടി സ്വീകരിക്കുക.

? ബി.എസ്.എൻ.എൽ കെട്ടിടങ്ങൾക്കു വസ്തുനികുതി ഈടാക്കാമോ?

● ബി.എസ്.എൻ.എല്ലിന്റെ പഴയ കെട്ടിടങ്ങളിൽ ചിലതു ഭാരതസർക്കാരിന്റെ കീഴിൽ ഇന്ത്യൻ പ്രസിഡന്റിന്റെ പേരിലുള്ളതാണ്. അവയ്ക്കു കരം ഒഴിവാക്കേണ്ടതാണ്.ബി.എസ്.എൻ.എല്ലിന്റെ പേരിൽ വാങ്ങിയതോ നിർമ്മിച്ചതോ ആയ കെട്ടിടങ്ങൾക്കു വസ്തുനികുതി ഈടാക്കണം. 1.(സർക്കുലർ നമ്പർ സി.3–1958/2011.തീയതി.21.11.2011.പഞ്ചായത്തു ഡെപ്യൂട്ടി ഡയറക്ടർ) 2 (സർക്കുലർ നമ്പർ 43657/ബി.4/04/തസ്വഭവ.തീയതി. 9.12.2004)

? ഒരാൾ വാഹനത്തിൽ വിസർജ്യവസ്തുക്കളും മാലിന്യങ്ങളും പൊതുസ്ഥലത്തു നിക്ഷേപിക്കാൻ കൊണ്ടുപോകുന്നതു കണ്ടാൽ എന്തുചെയ്യാൻ കഴിയും.?

● മാലിന്യമോ വിസർജ്യവസ്തുക്കളോ പൊതുസ്ഥലത്തോ പൊതുനിരത്തിലോ നിക്ഷേപിക്കുന്നതിനുള്ള ഉദ്ദേശ്യത്തോടെ കൊണ്ടുപോകുന്നതോ അല്ലെങ്കിൽ പൊതുസ്ഥലത്തു നിക്ഷേപിച്ചതിനുശേഷം തിരിച്ചുവരുന്നതോ ആണെന്നു ന്യായമായി സംശയിക്കാൻ കാരണമുള്ള ഒരു വാഹനം കണ്ടാൽ ഉടൻ പഞ്ചായത്തിനെ നേരിട്ടറിയിക്കേണ്ടതാണ്. പഞ്ചായത്ത് സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അല്ലെങ്കിൽ പൊലിസ് സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത പൊലിസ് ഉദ്യോഗസ്ഥനോ ആ വാഹനം പിടിച്ചെടുക്കേണ്ടതും നിർണയിക്കപ്പെട്ട നടപടികൾ സ്വീകരിച്ചതിനുശേഷം അധികാരികതയിലുള്ള സബ്ഡിവിഷൻ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കേണ്ടതുമാണ്. ഇങ്ങനെ പിടിച്ചെടുത്ത വാഹനം നിർണയിക്കപ്പെട്ട പ്രകാരം അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ച ശേഷം അതതു സംഗതിപോലെ വിട്ടുകൊടുക്കാവുന്നതോ കണ്ടുകെട്ടാവുന്നതോ ആണ്. വാഹനം കണ്ടുകെട്ടുന്ന സംഗതിയിൽ അതു ലേലം ചെയ്യുകയും തുക പഞ്ചായത്ത് ഫണ്ടിലേക്കു മുതൽക്കൂട്ടുകയും ചെയ്യേണ്ടതാണ്.(കേരള പഞ്ചായത്ത് ആക്ട് 1994 വകുപ്പു219.യൂ)

? ഭവനനിർമ്മാണപദ്ധതി പ്രകാരം വീടുവയ്ക്കാൻ സ്ഥലം വാങ്ങാൻ പദ്ധതി വയ്ക്കാമെന്നു പറയുന്നു. ഇപ്രകാരം പദ്ധതി വച്ചാൽ ആർക്കൊക്കെ ധനസഹായ ലഭിക്കും?

● വാർഷിക കുടുംബവരുമാനം 50,000/- രൂപയിൽ താഴെയുള്ളവരും സ്വന്തമായി വീടുവയ്ക്കുന്നതിനു സ്ഥലമില്ലാത്തവർക്കും അപേക്ഷിക്കാം. മിനിമം സ്ഥലം പരമ്പരാഗതമായി കുടുംബത്തിൽനിന്നോ അച്ഛൻ,അമ്മ എന്നിവരിൽനിന്നോ അനന്തരാവകാശമായി ലഭിക്കാൻ അവകാശമില്ലാത്തവരായിരിക്കണം അപേക്ഷകർ. വാസയോഗ്യമായ വീടോ വീടുനിർമ്മിക്കാൻ സ്ഥലമോ ഇല്ലാത്തവരാണെന്നു നിർവഹണ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം. ഗ്രാമസഭയിൽ അംഗീകാരം ലഭിച്ചവർക്കു മുൻഗണനാക്രമത്തിലാണ് വീടുവയ്ക്കാൻ സ്ഥലം നൽകുന്നത്.അംഗീകരിച്ചവർ സ്വന്തമായി സ്ഥലം വാങ്ങിയിരിക്കണം. സ്ഥലം ഭാര്യയുടേയും ഭർത്താവിന്റെയും പേരിലാണ് വാങ്ങേണ്ടത്. സഹോദരീസഹോദരന്മാരിൽനിന്നോ മാതാപിതാക്കളിൽനിന്നോ വാങ്ങുന്ന സ്ഥലത്തിനു ധനസഹായം ലഭിക്കുകയില്ല.ഗ്രാമപ്രദേശങ്ങളിൽ മൂന്നു സെന്റും മുനിസിപ്പാലിററിയിൽ രണ്ടുസെന്റും കോർപ്പറേഷനിൽ 1.5 സെന്റുമാണ് വാങ്ങേണ്ടത്.അനുവദനീയമായ തുകയോ ആധാരത്തിൽ രേഖപ്പെടുത്തിയ തുകയോ ഏതാണു കുറവു ആ തുകയാണ് സബ്സിഡിയായി നൽകുന്നത്. സബ്സിഡി തുക സ്ഥലം തീറുതരുന്ന ആളുടെ പേരിലാണ് നൽകുന്നത്.(പഞ്ചായത്ത് പദ്ധതി മാർഗ്ഗരേഖ സ.ഉ.(എം.എസ്)4/2016 തസ്വഭവ. തീയതി.11.1.2016) പട്ടികജാതി-പട്ടികവർഗ്ഗവകുപ്പു ഭവനനിർമ്മാണത്തിനു സ്ഥലം വാങ്ങാൻ നിശ്ചയിച്ചിരിക്കുന്ന തുക അനുവദിക്കാം.(സ.ഉ.(ആർ.ടി) 420/2016.തസ്വഭവ.തീയതി.2.2.2016)



## ചോദ്യങ്ങൾക്ക് മറുപടി

**പഞ്ചായത്ത് നിയമവുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ്ഡെസ്ക്. ഫോൺ നമ്പർ–0487 2204097**

? പഞ്ചായത്തുമെമ്പർ വിദേശത്തു പോകാൻ മൂന്നുമാസത്തെ അവധി ആവശ്യപ്പെടുന്നു.അവധി അനുവദിക്കാമോ? ഹോണറേറിയം നൽകാമോ?

● പഞ്ചായത്തു ഭരണസമിതിയുടെ അംഗീകാരത്തോടെ അനുമതി നൽകാം. ഒരംഗത്തിനു പരമാവധി ആറുമാസംവരെ അവധി നൽകാം.എന്നാൽ ഇപ്രകാരം അവധി നൽകുമ്പോൾ ഹോണറേറിയം നൽകാൻ വ്യവസ്ഥയില്ല.(സ.ഉ.(പി)186/2012 തസ്വഭവ. തീയതി.12.7.2012)

? വിദേശപൗരത്വമുള്ള ഒരേ സമുദാത്തിൽപെട്ട രണ്ടുപേർ ഇവിടെ വച്ച് വിവാഹിതരായി. വിവാഹം രജിസ്റ്റർ ചെയ്യാമോ?

● ഒരേ സമുദായിൽപെട്ടവരാണെങ്കിൽ മതപരമായ ആചാരപ്രകാരം വിവാഹിതരായതാണെങ്കിൽ രജിസ്റ്റർ ചെയ്യാം. പൗരത്വം പ്രശ്നമല്ല. (പൊതുവിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ)

? പഞ്ചായത്തു മെമ്പർമാർക്കു ഹോണറേറിയം വർദ്ധിപ്പിച്ചതായി പറയുന്നു. ഉത്തരവു നമ്പറും തുകയും പറഞ്ഞുതരാമോ?

● നിലവിലുള്ള തുക തന്നെയാണ്. വർദ്ധിപ്പിച്ചതായി ഉത്തരവൊന്നും വന്നിട്ടില്ല.

? ലക്ഷംവീടുപദ്ധതിയിൽ പണിതു നൽകിയ വീടു പൊളിഞ്ഞുപോയി. പുതുക്കി പണിയാൻ തുക നൽകാമോ? എത്ര തുക നൽകാം. ഉത്തരവു നമ്പർ ഏതാണ്.

● ലക്ഷം വീടു പുതുക്കിപ്പണിയാൻ ധനസഹായം നൽകാം. ജനറൽ വിഭാഗത്തിനു രണ്ടുലക്ഷം,പട്ടികജാതി വിഭാഗത്തിനു 3 ലക്ഷം, പട്ടികവർഗ്ഗക്കാർക്കു 3.5 ലക്ഷം എന്ന തോതിൽ നൽകാം.(പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ.സ.ഉ.(എം.സ്)4/2016/തസ്വഭവ. തീയതി.11.1.2016)

? പഞ്ചായത്തിൽ പ്രസിഡന്റിനെതിരെ അവിശ്വാസപ്രമേയം അവതരിപ്പിച്ചാൽ അതു ചർച്ച ചെയ്യുന്ന യോഗത്തിൽ ആരു അദ്ധ്യക്ഷത വഹിക്കും?

● അവിശ്വാസപ്രമേയം ചർച്ച ചെയ്യാൻ യോഗം വിളിച്ചുചേർക്കേണ്ടതു തെരഞ്ഞെടുപ്പുകമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.അദ്ദേഹം തന്നെയായിരിക്കും അദ്ധ്യക്ഷത വഹിക്കേണ്ടതും.(പഞ്ചായത്ത് രാജ് നിയമം1994.വകുപ്പ്.157.5)



സബ്കലക്ടർമാർക്കു കിലയിൽ സംഘടിപ്പിച്ച ഏകദിന പരിശീലനം

## സബ് കലക്ടർമാർക്കു കിലയിൽ ഏകദിന പരിശീലനം

ഭരണപാടവം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ സബ് കലക്ടർമാർക്കു കിലയിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. കണ്ണൂർ, തൃശ്ശൂർ, കോട്ടയം, കോഴിക്കോട്, മലപ്പുറം, പത്തനംതിട്ട ജില്ലകളിൽനിന്നുള്ള 2014 ബാച്ചിൽ പെട്ട സബ് കലക്ടർമാരാണ് പരിശീലനത്തിൽ പങ്കെടുത്തത്. തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവർമ്മെന്റി(ഐ.എം.ജി) ലെ ഡയറക്ടർ ജനറൽ സത്യജിത്ത് രാജൻ, അസി.പ്രൊഫ. മിനി ബി.നായർ എന്നിവർ നേതൃത്വം നൽകി.

## നെൽവയൽ നികത്തുഭൂമിയിലെ കെട്ടിടനിർമ്മാണം

**നി**ലം,നഞ്ച എന്നു സ്ഥലത്തിന്റെ ആധാരത്തിൽ രേഖപ്പെടുത്തിയ ഭൂമിയിൽ വീടു നിർമ്മിക്കുന്നതിനു അനുമതി ലഭിക്കുന്നില്ലെന്നു വ്യാപക പരാതിയുണ്ട്.2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് റവന്യൂരേഖകളിൽ നിലം,നഞ്ച എന്നു രേഖപ്പെടുത്തിയ ഭൂമിയിൽ വീടുവയ്ക്കുന്നതിനു ഒരു നിലം കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണത്തിനു അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സി.എസ്.നമ്പർ2749/15(ആർ.ഡി.ഓ. ഫോർട്ട് കൊച്ചി.വി.ജലജാ ദീപ്) എന്ന കേസിലെ 10.3.2015 വിധിന്യായപ്രകാരമുള്ള ഉത്തരവിൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമപ്രകാരം തയ്യാറാക്കിയിട്ടുള്ള കരടു ഡാറ്റാബാങ്കിൽ നെൽവയൽ, നിലം, അല്ലെങ്കിൽ തണ്ണീർത്തടം എന്നു രേഖപ്പടുത്തിയിട്ടുള്ള ഭൂമിക്കു കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം ബാധകമായിരിക്കുമെന്നു വ്യക്തമാക്കിയിട്ടുണ്ട്.ഇത്തരം ഭൂമിയിൽ കെട്ടിടനിർമ്മാണത്തിനു പെർമിറ്റ്/അനുമതി/എൻ.ഒ.സി നൽകുന്നതു നിയമവിരുദ്ധമാണെന്നാണു കോടതി വ്യക്തമാക്കുന്നത്.

ഈ സാഹചര്യത്തിൽ നിലം,നഞ്ച, തണ്ണീർത്തടം എന്നീ രീതിയിൽ വസ്തുവിന്റെ ആധാരത്തിൽ രേഖപ്പെടുത്തിയ ഭൂമിയിൽ വീടുനിർമ്മിക്കുന്നതിനു താഴെ പറയുന്ന നിബന്ധനകൾ പാലിക്കണമെന്നു സർക്കാർ വ്യക്തമാക്കുന്നു. നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമപ്രകാരം തയ്യാറാക്കിയ കരടു ഡാറ്റാബാങ്കിൽ നെൽവയൽ, നിലം. തണ്ണീർത്തടം എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ മേൽ നിയമത്തിലെ വ്യവസ്ഥകൾ പ്രകാമുള്ള അനുമതി ലഭിക്കാതെ കെട്ടിടനിർമ്മാണ പെർമിറ്റ്/അനുമതി/എൻ.ഒ.സി എന്നിവ നൽകാൻ പാടുള്ളതല്ല.

തണ്ണീർത്തടമായി രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയിൽ യാതൊരു അനുമതിയോ,പെർമിറ്റോ നൽകാൻ പാടുള്ളതല്ല.ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നതു നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമത്തിന്റെ 14-ാം വകുപ്പിന്റെ ലംഘനമായി കരുതുന്നതും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്കനടപടിയും വിജിലൻസ് കേസിനു ശുപാർശ ചെയ്യുന്നതുമാണ്. നഷ്ടപരിഹാരത്തിനു വ്യക്തിപരമായി ഉത്തരവാദിയായിരിക്കുന്നതുമാണ്.

റവന്യൂരേഖകളിലും ബി.ടി.ആറിലും നിലം എന്നു രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ ഡാറ്റാബാങ്കിൽ നെൽവയൽ, നിലം, തണ്ണീർത്തടം എന്നിങ്ങനെ രേഖപ്പെടുത്താതുമായ ഭൂമിയിൽ കെട്ടിടനിർമ്മാണത്തിനു അനുമതി നൽകുന്നതിനുമുമ്പ് കേരള ഭൂവിനിയോഗ ഉത്തരവുപ്രകാരമുള്ള ജില്ലാകലക്ടറുടെ അനുമതിയോ അല്ലെങ്കിൽ 2015 ലെ നെൽവയൽ തണ്ണീർത്തട നിയമം വവകുപ്പു 3 എ പ്രകാരമുള്ള ജില്ലാകലക്ടറുടെ ക്രമവൽക്കരിച്ച ഉത്തരവുണ്ടോ എന്നു ഉറപ്പുവരുത്തേണ്ടതുമാണ്.19.4.2016 ലെ തദ്ദേശസ്വയംഭരണവകുപ്പിലെ നമ്പർ 130/ആർ.എ.1/2016 സർക്കുലർ പ്രകാരം സ്പ.ഷ്ടീകരണം നൽകുന്നു

## സർക്കാരിലേക്കുള്ള പ്രൊപ്പോസലുകൾ വകുപ്പുവഴി മാത്രം

**സ**ർക്കാർ നടപടി ആവശ്യമുള്ള വിവിധവിഷയങ്ങളെക്കുറിച്ചുള്ള പ്രൊപ്പോസലുകൾ ബന്ധപ്പെട്ട വകുപ്പുമേധാവി മുഖേന മാത്രമേ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ സമർപ്പിക്കാവൂവെന്ന് സർക്കാർ നിർദ്ദേശം. വകുപ്പുമേധാവിയുടെ പരിശോധനയില്ലാതെതന്നെ സർക്കാരിനു നേരിട്ടു പ്രൊപ്പോസലുകൾ സമർപ്പിക്കുന്ന പ്രവണത കണ്ടുവരുന്ന സാഹചര്യത്തിലാണ് പുതിയ നിർദ്ദേശം. ഇങ്ങനെ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സർക്കാർ തലത്തിൽ പരിശോധിക്കുന്നതിനു ബുദ്ധിമുട്ടു നേരിടുന്നതും തീരുമാനമെടുക്കാൻ കാലതാമസം വരികയും ചെയ്യുന്നു. അതുകൊണ്ടു പ്രൊപ്പോസലുകൾ അയക്കുമ്പോൾ വകുപ്പുമേധാവി വഴി തന്നെ സമർപ്പിക്കണം. വകുപ്പുമേധാവി നിലവിലുള്ള നിയമങ്ങളും കീഴ്വഴക്കങ്ങളും ഉൾപ്പെടെയുള്ള വ്യക്തമായ ശുപാർശകൾ സഹിതമാണ് സമർപ്പിക്കേണ്ടതെന്നു സർക്കാർ വ്യക്തമാക്കുന്നു. 24.5.2016 ലെ തദ്ദേശസ്വയംഭരണവകുപ്പിന്റെ ഇ.എം.1/ 124/2015 നമ്പർ സർക്കുലർ പ്രകാരം ഈ നിർദ്ദേശം എല്ലാ തദ്ദേശസ്ഥാപനത്തിനും നൽകിയിട്ടുണ്ട്.



തദ്ദേശസ്ഥാപനങ്ങളിലെ വികസന സ്റ്റാൻഡിംഗ് കമ്മിററി അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കുമുള്ള മൂന്നുദിവസത്തെ പരിശീലനപരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനച്ചടങ്ങ്

# വികസനസ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലനം

**സം**സ്ഥാനത്തെ തദ്ദേശസ്ഥാപനങ്ങളിലെ വികസന സ്റ്റാൻഡിംഗ് കമ്മിററി അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കുമുള്ള മൂന്നുദിവസത്തെ പരിശീലനം കിലയിൽ തുടങ്ങി. സംസ്ഥാനതല പരിശീലനപരിപാടിയുടെ ഉദ്ഘാടനം കില ഡയറക്ടർ ഡോ.പി.പി.ബാലൻ നിർവഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.ജെ.ബി.രാജൻ, സംസ്ഥാന കോർഡിനേറ്റർ എ.എസ് പ്രതാപ്സിംഗ്, കോർഡിനേറ്റർമാരായ കെ.സദനരാജൻ, അഡ്വ.സി.കെ. സാജിറ എന്നിവർ സംസാരിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി മൂന്നുദിവസം നീണ്ടുനിൽക്കുന്ന പരിശീലനപരിപാടിയാണ് തയ്യാറാക്കിയിട്ടുള്ളത്.തിരുവനന്തപുരം, കണ്ണൂർ, ഇടുക്കി ജില്ലകളിലെ 22 ഗ്രാമപഞ്ചായത്തുകളിൽനിന്നുള്ള 100 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

വികസനസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ചുമതലകൾ, പശ്ചാത്തല-പാർപ്പിട സൗകര്യം കെട്ടിടനിർമ്മാണനിയന്ത്രണം, പ്രാദേശികവികസനം, പഞ്ചവത്സരപദ്ധതികൾ, വികസന സമീപനം, പ്രാദേശികസർക്കാർ പദ്ധതികൾ, പദ്ധതിസംയോജനസാദ്ധ്യതകൾ, ജില്ലാപദ്ധതി, സ്ഥിതിവിവരകണക്കുകളുടെ ശേഖരണം തുടങ്ങിയ വിഷയങ്ങളെക്കുറിച്ചാണ് പരിശീലനം. ടി.ബാലചന്ദ്രൻ നായർ, യു.വി. ബാബുരാജ്, കെ.ഗോപാലൻ തുടങ്ങിയവരാണ് പരിശീലനത്തിനു നേതൃത്വം നൽകിയത്.

# സ്കൂളുകളിൽ പെൺകുട്ടികൾക്കു **പ്രത്യേക ടോയ്‌ലറ്റ് നിർബന്ധമാക്കി**

**സം**സ്ഥാന ബാലാവകാശ സംരക്ഷണകമ്മീഷനു വിദ്യാർത്ഥികളിൽനിന്നു ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എയ്ഡഡ്,അൺ എയ്ഡഡ് ഉൾപ്പെടെയുള്ള എല്ലാസ്കൂളുകളിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ശുദ്ധജല സൗകര്യത്തോടുകൂടിയ സുരക്ഷിതമായ ടോയ്‌ലറ്റ് ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിർബന്ധമാക്കി സർക്കാർ ഉത്തരവിറക്കി.ട്യൂഷനും മറ്റുമായി രാവിലെ ആറുമണിക്കു വീട്ടിൽനിന്നിറങ്ങേണ്ടിവരുന്ന വിദ്യാർത്ഥികൾക്കു വൈകീട്ട് നാലുമണി കഴിയുന്നതുവരെ വിദ്യാലയങ്ങളിൽ തങ്ങേണ്ടിവരുന്നു. ഇങ്ങനെ വരുന്ന കുട്ടികൾക്കു ട്യൂഷൻ സെന്ററുകളിലോ സ്കൂളുകളിലോ പലപ്പോഴും ശുദ്ധിയായതും വെള്ളസൗകര്യമുള്ളതുമായ ശുചിമുറികളില്ലാത്തതു അവരുടെ ദുരിതം വർദ്ധിപ്പിക്കുന്നതായി ബാലാവകാശസംരക്ഷണ കമ്മീഷൻ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ കർശന നിർദ്ദേശം പുറപ്പെടുവിച്ചത്.



ശുദ്ധമായ കുടിവെള്ളം, സ്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിനു ആനുപാതികമായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ജല ലഭ്യതയോടുകൂടിയ യൂറിനൽസ്, കക്കൂസ്, പെൺകുട്ടികൾക്കു നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിലേറ്റർ, വേയ്സ്റ്റ് ഡിസ്പോസിംഗ് സൗകര്യം എന്നിവ സ്കൂൾ നടത്തിപ്പിനു അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളുടെ ഭാഗമാക്കുകയും ആയത് എല്ലാ സ്കൂളുകളിലും ബാധകമാണെന്നു നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനാവേളകളിൽ ഇത്തരം സൗകര്യങ്ങൾ ഇല്ലാത്ത് സ്കൂൾ മേധാവികൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. ഈ നിർദ്ദേശങ്ങൾ എല്ലാ സ്കൂളുകളിലും പാലിക്കുന്നുണ്ടെന്നു ഉറപ്പാക്കുന്നതിനു ഒരു അദ്ധ്യയനവർഷത്തിൽ രണ്ടുപ്രാവശ്യമെങ്കിലും പരിശോധന നടത്താൻ ഹയർ സെക്കണ്ടറി വിദ്യാഭ്യാസഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ അധികാരികളും ഇക്കാര്യങ്ങളിലെല്ലാം പരിശോധിച്ച് ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചുകൊണ്ടു 25.5.2016 ൽ 84/ഡി.ബി.2/2016-ാം നമ്പറായി തദ്ദേശസ്വയംഭരണവകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.


KILA News letter Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 (for private circulation only)